# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*14 28/05/2019-ൽ മറുപടിക്ക്

## കുട്ടികൾക്ക് സൗജന്യ ഹൃദ്രോഗചികിത്സ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഇ. ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ.കെ. രാജൻ**<br>**ശ്രീമതി. സി. കെ. ആശ** | **കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) സങ്കീർണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യ ഹൃദ്രോഗ ചികിത്സ ലഭ്യമാകുന്ന പദ്ധതി നിലവിലുണ്ടോ ; | എ) ഉണ്ട്. സങ്കീർണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്ക് സൗജന്യ ഹൃദ്രോഗ ചികിത്സ ലഭ്യമാക്കുന്ന 'ഹൃദ്യം' പദ്ധതി നിലവിലുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | ബി) ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. ഇതിന് പരിഹാരമായിട്ടാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ഹൃദ്യം പദ്ധതി ആരംഭിച്ചിരിക്കുന്നത്.<br>യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കുവാനും ഫോളോ അപ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തിരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ് വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ പദ്ധതി 2017 ആഗസ്റ്റ്മാസം 31 മുതൽ ആരംഭിച്ചു. ഇതിലൂടെ കുട്ടികളിൽ സങ്കീർണമായ രോഗാവസ്ഥകൾ കണ്ടുപിടിക്കുന്ന മുറയ്ക്ക് ചികിത്സാ സൗകര്യമുള്ള ആശുപത്രികളിൽ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സാധ്യമാക്കുന്നു. ഇതിന് ശേഷം മാത്രമേ കുട്ടിയെ നിലവിൽ ചികിൽസിക്കുന്ന ആശുപത്രിയിൽ നിന്ന് |

| | | | |
|---|---|---|---|
| | | | മാറ്റകയുള്ള. സർക്കാർ ആശുപത്രിയിൽ ജനിക്കുന്ന എല്ലാ കുട്ടികളെയും RBSK മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള Visible and functional birth defect സ്ക്രീനിങ്ങിന് വിധേയരാക്കുന്നു. ജന്മനായുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകുന്ന കുഞ്ഞുങ്ങളെ ശിശുരോഗവിദഗ്ദന്റെ സഹായത്തോടെ എക്കോ ഉൾപ്പെടെയുള്ള പരിശോധന വഴി എത്രയും നേരത്തെ തന്നെ കൃത്യമായി അസുഖം കണ്ടെത്തുന്നു. സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. രോഗനിർണ്ണയത്തിനു ശേഷം കുട്ടികളുടെ വിവരങ്ങൾ ഏതൊരാൾക്കും hridayam.in എന്ന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| സി) | പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | സി) | 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഹൃദ്രോഗ ചികിത്സക്കായി ഏതൊരാൾക്കും ഹൃദ്യം പദ്ധതിയുടെ സോഫ്റ്റ് വെയറിൽ പേരും അഡ്രസ്സും ഫോൺ നമ്പറും നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്. സാധാരണയായി കുടുംബാംഗങ്ങൾക്കോ ചികിത്സ നൽകുന്ന ആശുപത്രികൾക്കോ രജിസ്റ്റർ ചെയ്യാവുന്നതാണ്. നേരിട്ടു ഡി ഇ ഐ സി (District Early Intervention Centre) കളിൽ എത്തിക്കുക യാണെങ്കിൽ അവരും രജിസ്റ്റർ ചെയ്തു നൽ കുന്നതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ നിങ്ങളുടെ ജില്ലയിലെ DEIC (District Early Intervention Centre) മാനേജരുടെ പേരും ഫോൺ നമ്പറും അപേക്ഷകന്റെ ഫോണിൽ എസ് എം എസ് വരുന്നതാണ്. തുടർന്നു കുട്ടിയുടെ രോഗവിവരങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ ചേർക്കുകയും ഇവ വിശദമായി വിശകലനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ രോഗത്തിന്റെ തീക്ഷ്ണത അനുസരിച്ച് സൗകര്യങ്ങൾ ഉള്ള ആശുപത്രിയിലേക്ക് ബന്ധുക്കളുടെ സമ്മതം കൂടി പരിഗണിച്ച് എത്തിക്കുകയും വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. ഇവയെല്ലാം തന്നെ അതാത് സമയത്ത് മാതാപിതാക്കളെയും ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളേയും എസ് എം എസ് മുഖാന്തിരം അറിയിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്ക് വിശദവിവരങ്ങൾക്കായി ജില്ലയിലെ ഡി ഇ ഐ സി മാനേജരുമായി ബന്ധപ്പെടാവുന്നതാണ്. ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള പ്രോട്ടോകോൾ അനുസരിച്ച് ഡി ഇ ഐ സി കളുടെ നേതൃ ത്വത്തിലാണ് നടപടികൾ സ്വീകരിക്കുന്നത് |

സെക്ഷൻ ഓഫീസർ.